(എഫ്) ഇല്ല

(ജി) ഉപയോഗയോഗ്യമല്ലാത്തതും അറ്റകുറ്റപ്പണി നടത്താൻ കഴിയാത്തതുമായ കമ്പ്യൂട്ടർ ഉപകരണങ്ങളുടെ ലിസ്റ്റ്. ധനകാര്യവകുപ്പ് ആവശ്യപ്പെട്ടതനുസരിച്ച് പൊതു ലേലംവഴി വിൽക്കാൻ ധന ഡി.പി.സി. വിഭാഗം ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

(എച്ച്) റിപ്പയർ ചെയ്യാനാകാത്ത ഉപകരണങ്ങൾ മെയിന്റനൻസ് കോൺട്രാക്ട് ഉണ്ടായാലും 30% സമയം പോലും പ്രവർത്തിക്കാത്ത ഉപകരണങ്ങൾ അത്തരം ഉപകരണങ്ങളുടെ ഉപയോഗംമൂലം ആഫീസ് പ്രവർത്തനത്തിനുണ്ടാകുന്ന തടസ്സങ്ങൾ പുതിയ സോഫ്റ്റ് വെയറുകൾ പ്രവർത്തിപ്പിക്കാനുള്ള കഴിവില്ലായ്മ, പ്രവർത്തന വേഗതയിലെ അപര്യാപ്തത, കമ്പ്യൂട്ടർ സുരക്ഷാ സംവിധാനങ്ങളുടെ അപര്യാപ്തത, എന്നീ കാരണങ്ങളാലാണ് ഉപയോഗയോഗ്യമല്ലാതായത്.

(ഐ) ഇതുവരെയുള്ള അനുഭവത്തിൽ കെൽട്രോണിന് ബൈബാക്ക് ചെയ്യുമ്പോൾ പകരം ലഭിക്കുന്ന പുതിയ ഉപകരണത്തിന്റെ അറ്റവിലയിൽ (നെറ്റ് പ്രൈസ്) ബൈബാക്കിനത്തിൽ സർക്കാരിന് ഒരു പൈസപോലും ലാഭിക്കുന്നില്ല എന്നാണ് കാണുന്നത്.

(ജെ) ഇല്ല. എന്നാൽ ലേല പരസ്യം വിവിധ സ്ഥാപനങ്ങൾക്കും, പൊതുമരാമത്ത് വകുപ്പിനും അയച്ച് കൊടുത്തിട്ടുള്ളതും, ധനകാര്യ വകുപ്പ് ധന ഡി. പി. സി. വിഭാഗം എന്നിവിടങ്ങളിലെ നോട്ടീസ് ബോർഡിൽ പരസ്യമായി പ്രദർശിപ്പിച്ചിട്ടുള്ളതുമാകുന്നു. ലേലത്തിൽ മൂന്നുപേർ പങ്കെടുത്തിരുന്നു.

(കെ) വിവരം ശേഖരിച്ച് വരുന്നു.

(എൽ) പ്രസ്തുത ഉപകരണങ്ങളിൽ കൺസ്യൂമബിൾസ് വേണ്ടി വരുന്നത് മുഖ്യമായും പ്രിന്ററുകൾക്കാണ്. ഓരോ പ്രിന്ററിലും എത്ര കൺസ്യൂമബിൾസ് ഉപയോഗിച്ചിട്ടുണ്ടെന്ന വിവരം സൂക്ഷിക്കാറില്ല. കൺസ്യൂമബിൾസ് എല്ലാം സ്റ്റോർ പർച്ചേസ് നിബന്ധനകൾ പാലിച്ചാണ് വാങ്ങിയിട്ടുള്ളത്.

(എം) 2005-2006-ലെ ബഡ്ജറ്റിൽ ധനകാര്യവകുപ്പിന്റെ നവീകരണത്തിനും ഉദ്യോഗസ്ഥന്മാരുടെ പരിശീലനത്തിനുമായി "2052-00-090-90" എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ധനകാര്യവകുപ്പിന്റെ സമഗ്രമായ കമ്പ്യൂട്ടറൈസേഷനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരികയാണ്.

**സർക്കാർ ജീവനക്കാർക്ക് ഇടക്കാലാശ്വാസം പ്രഖ്യാപിക്കാൻ നടപടി**

12 [3874] *ശ്രീ. വി. കെ. സി. മമ്മത്കോയ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ നടപടികൾക്കായുള്ള കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കേണ്ട കാലാവധി 31-12-2005 ആയി നിശ്ചയിച്ചതിനാൽ പ്രസ്തുത റിപ്പോർട്ട് വാങ്ങി നടപ്പിലാക്കാൻ ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ തന്നെ കഴിയുമെന്ന് കരുതുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സാഹചര്യത്തിൽ അടിയന്തിരമായി ഇടക്കാലാശ്വാസം പ്രഖ്യാപിക്കാൻ സർക്കാർ തയ്യാറാകുമോ;

(സി) അഞ്ചു വർഷം കൂടുമ്പോൾ ശമ്പള പരിഷ്കരണം എന്ന തത്വപ്രകാരം 2002-ന് ശേഷം 2007-ലും ശമ്പള കമ്മീഷൻ നടപടി സ്വീകരിക്കേണ്ട സന്ദർഭത്തിൽ 2002-ലെ പരിഷ്കരണത്തിലെ കാലതാമസം ഫലത്തിൽ ഒരു ശമ്പള പരിഷ്കരണം നഷ്ടപ്പെടുത്താനാണ് ഇടയാക്കുക എന്ന വസ്തുത കണക്കിലെടുത്തിട്ടുണ്ടോ;

(ഡി) ശമ്പള കമ്മീഷന്റെ കാലാവധി കുറയ്ക്കാൻ സർക്കാർ തയ്യാറാകുമോ?

*ഉത്തരം*

(എ) കഴിയുമെന്ന് കരുതുന്നു.

(ബി) ശമ്പള പരിഷ്കരണ കമ്മീഷന്റെ പരിശോധനാ വിഷയങ്ങളിൽ ഇടക്കാലാശ്വാസം' എന്ന ഇനം ഉൾപ്പെടുത്തുകയും, ഈ വിഷയത്തിന്മേൽ കമ്മീഷന്റെ അഭിപ്രായം മൂന്നു മാസത്തിനകം സമർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കമ്മീഷന്റെ അഭിപ്രായം ലഭിച്ചശേഷം സർക്കാർ തീരുമാനം പ്രഖ്യാപിക്കും.

(സി) പല കാര്യങ്ങളും കണക്കിലെടുത്താണ് കമ്മീഷനെ നിയമിക്കാൻ തീരുമാനിച്ചത്.

(ഡി) ഉദ്ദേശിക്കുന്നില്ല.

**കെ. എഫ്. സി.യിൽ നിന്ന് ലോണെടുത്തവർക്ക് വൺടൈം സെറ്റിൽമെന്റ് ഏർപ്പെടുത്തുവാൻ നടപടി**

13 [3875] *ശ്രീ. സി. കെ. നാണു*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എഫ്. സി.യിൽ നിന്ന് ലോണെടുത്തതിനെക്കാളും കൂടുതൽ തുക തിരിച്ചടച്ച് പലർക്കും വീണ്ടും വലിയ തുക അടയ്ക്കാൻ ബാക്കിയുള്ളതുകൊണ്ട് പല ചെറുകിട വ്യവസായികളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൺ ടൈം സെറ്റിൽമെന്റ് നടത്തി ചെറുകിട വ്യവസായികൾക്ക് സഹായകരമായ നിലപാട് സ്വീകരിക്കാൻ നടപടി സ്വീകരിക്കുമോ?

*ഉത്തരം*

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വൺ ടൈം സെറ്റിൽമെന്റ് നടത്തി ചെറുകിട വ്യവസായികൾക്ക് സഹായകരമായ നിലപാട് സ്വീകരിക്കാൻ നടപടി കെ. എഫ്. സി.യിൽ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly